പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1021 | 14.06.2012- ൽ മറുപടിക്ക്

## ഇടിമിന്നലിനിരയാകുന്നവർക്ക് ദുരിതാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ നെല്ലിക്കുന്ന്<br>ശ്രീ. കെ.എം ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുള്ള ജീവനാശവും വിഭവനാശവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മരണവും വിഭവനാശവും ഇടിമിന്നൽ കാരണം ഉണ്ടാകുന്നുവെങ്കിലും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തി സമയബന്ധിതമായി റിപ്പോർട്ടുനൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; | (ബി) | സംസ്ഥാനത്ത് ഉണ്ടായികൊണ്ടിരിക്കുന്ന ഇടിമിന്നലിനെകുറിച്ചുള്ള ഗവേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2012-13 പദ്ധതി രേഖയിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ദുരന്തങ്ങൾ കുറയ്ക്കാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള മുൻകരുതലുകളെക്കുറിച്ച് വിശദമാക്കുമോ; | (സി) | ഇടിമിന്നൽ ആകസ്മികമായി ഉണ്ടാകുന്ന പ്രതിഭാസമായതുകൊണ്ട് പ്രാദേശികമായ മുൻകരുതലുകൾ നല്കുക എന്നത് ശാസ്ത്രീയമായി സാദ്ധ്യമല്ല. എന്നാൽ ഇവയിൽ നിന്നും വ്യക്തിപരമായി എങ്ങനെ രക്ഷ നേടാം എന്നതിനെ സംബന്ധിച്ച് ബോധവല്കരണം നടത്തി വരുന്നുണ്ട്. |
| (ഡി) | ഇടിമിന്നൽ മൂലമുണ്ടാകുന്ന ജീവനാശത്തിനും സ്വത്തുനാശത്തിനും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | ഇല്ലെങ്കിൽ ഇക്കാര്യങ്ങൾ പ്രകൃതിക്ഷോഭമായി കണക്കാക്കി അപ്രകാരം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (സംസ്ഥാന ദുരന്ത നിവാരണ നിധി) നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നത് കേന്ദ്ര സർക്കാർ തയ്യാറാക്കുന്ന നിബന്ധനകൾ അനുസരിച്ചാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഈ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രകൃതി ദുരന്തമായി ഇടിമിന്നലിനെ ഉൾപ്പെടുത്തിയിട്ടില്ല. 2011 ഒക്ടോബറിൽ സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് നടത്തിയ ദേശീയതല ചർച്ചായോഗത്തിൽ ഉരുത്തിരിഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തി മിന്നൽ ഒരു പ്രകൃതി ദുരന്തമായി കണ്ട് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (സംസ്ഥാന ദുരന്ത നിവാരണ നിധി) ൽ നിന്നും നഷ്ടപരിഹാരം നൽകാൻ അനുവദിക്കണമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പിനോടും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർന്ന് പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തര മന്ത്രിക്കും ഇതു സംബന്ധിച്ച് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ